LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപ്പന

23 [465] *ശ്രീ. വി കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർഷത്തിനിടയിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ വിറ്റിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് വിറ്റതെന്നും ഓരോന്നും എന്ത് വിലയ്ക്ക് ആർക്കെല്ലാമാണ് വിറ്റതെന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം വിറ്റഴിച്ച ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും സ്വത്തിനും കെട്ടിടത്തിനും എന്തു വിലയാണ് കണക്കാക്കിയിട്ടുള്ളതെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം വിറ്റഴിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിച്ചവയും ലാഭത്തിൽ പ്രവർത്തിച്ചവയും തരംതിരിച്ച് വ്യക്തമാക്കുമോ;

(ഇ) ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) (ഇ) ചോദ്യം ഉദിക്കുന്നില്ല.

ട്രേഡ് ആന്റ് വെയർഹൗസിംഗ് സോൺ ആരംഭിക്കുവാൻ നടപടി

24 [470] *ശ്രീ. ടി. എൻ. പ്രതാപൻ:*
,, *കെ. എ. ചന്ദ്രൻ:*
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്രീ ട്രേഡ് ആന്റ് വെയർഹൗസിംഗ് സോൺ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) ഈ സോണിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചിയിൽ വല്ലാർപാടത്ത് ഒരു ഫ്രീ ട്രേഡ് ആന്റ് വെയർഹൗസിംഗ് സോൺ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) സ്വതന്ത്ര കറൻസിയിലൂടെ വ്യാപാരം ചെയ്യാനുള്ള സൗകര്യവും ആവശ്യാനുസരണം സാധനങ്ങൾ ഇറക്കുമതി ചെയ്യാനും കയറ്റുമതി ചെയ്യാനും സൗകര്യങ്ങളോടുകൂടിയ തുറമുഖാധിഷ്ഠിതമായ പ്രസ്തുത മേഖലയിൽ താഴെ പറയുന്ന സൗകര്യങ്ങൾ ഉണ്ടാകും:

- രാസവസ്തുക്കൾ, ആഹാര പദാർത്ഥങ്ങൾ, ഔഷധങ്ങൾ എന്നിവ സൂക്ഷിക്കാനുള്ള സൗകര്യം.
- ശീതീകരണ സൗകര്യങ്ങൾ.
- ബൃഹത് കണ്ടെയ്നറുകളിൽ വരുന്ന സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ.
- ആഗോള നിലവാരത്തിലുള്ള വിവരസാങ്കേതിക സംവിധാനം.
- കൊച്ചി തുറമുഖത്തിനടുത്തായി പ്രസ്തുത മേഖല സ്ഥിതിചെയ്യുന്നതിനാൽ ചരക്കുകളുടെ കൈമാറ്റം ആയാസരഹിതവും ചെലവു കുറഞ്ഞതും സൗകര്യപ്രദവുമായിരിക്കും. മാത്രവുമല്ല, ഈ സോണിൽ ആധുനികമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായിരിക്കും.

കാഷ്യു കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും പ്രവർത്തനങ്ങൾ

25 [472] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷനും കാപ്പെക്സിനും എന്ത് സാമ്പത്തികസഹായമാണ് നൽകിയിട്ടുള്ളത്;

(ബി) കോർപ്പറേഷന്റെ സാമ്പത്തികബാദ്ധ്യത അഞ്ച് തവണകളായി അടയ്ക്കാമെന്ന് സമ്മതിച്ചുകൊണ്ട് ബാങ്കുകൾക്ക് നൽകിയിട്ടുള്ള ഗ്യാരന്റിപ്രകാരം 2005 മാർച്ച് 31-നുമുമ്പ് നൽകേണ്ടുന്ന രണ്ടാമത്തെ ഗഡുവായ 31.5 കോടി രൂപ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly